# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ജി. ഹരികുമാർ IFS**

വിഷയം : ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ. മധുസൂദനൻ നായരുടെ പേര് 28.03.2011 ലെ ഡെപ്യൂട്ടി റെയിഞ്ചർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ പുതുക്കി നിർണ്ണയിക്കുന്നത് - സംബന്ധിച്ച്.

പരാമർശം : 1) WP(C) 36793/08 നമ്പർ കേസിലെ 25.03.2009 ലെ ബഹു. ഹൈക്കോടതി ഉത്തരവ്.
2) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ടെ 25.05.09 ലെ ഇ4-36230/08 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ ഇ4-36230/2008 തീയതി 16.03.2012

(1) പ്രകാരമുള്ള ബഹു.കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഫോറസ്റ്ററായിരുന്ന ശ്രീ. ജെ. മധുസൂദനൻ നായരെ സൂചന (2) ലെ ഉത്തരവു പ്രകാരം ഡെപ്യൂട്ടി റെയിഞ്ചറായി പ്രൊമോട്ട് ചെയ്തിരുന്നു. ടി ഉത്തരവിൽ ടിയാന്റെ ഡെപ്യൂട്ടി റെയിഞ്ചർ തസ്തികയിലെ സീനിയോറിറ്റി ടിയാന് പ്രൊമോഷൻ ലഭിക്കേണ്ടിയിരുന്ന 15.07.2006 തീയതി പ്രാബല്യത്തിൽ നൽകുന്ന കാര്യം പിന്നീട് പരിഗണിക്കും എന്ന് പരാമർശിച്ചിരുന്നു. ശ്രീ. മധുസൂദനൻ നായരുടെ സീനിയോറിറ്റി പുതുക്കി നിർണ്ണയിക്കുന്നതിലേയ്ക്കായി 15.07.2006 തീയതിയായും, അതിനുശേഷം ശ്രീ. മധുസൂദനൻ നായർ പ്രൊമോഷനായ 25.05.2009 തീയതിവരെ ഡെപ്യൂട്ടി റെയിഞ്ചർമാരായി പ്രൊമോഷൻ ലഭിച്ച ഡെപ്യൂട്ടി റെയിഞ്ചർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.ജെ. മധുസൂദനൻ നായരുടെ ഫോറസ്റ്റർ തസ്തികയിലെ സീനിയോറിറ്റിയേക്കാൾ ജൂനിയറായിട്ടുള്ള ഡെപ്യൂട്ടി റെയിഞ്ചർമാരെ 01.03.2012-ൽ നേരിൽ കേൾക്കുകയും ചെയ്തു. ടി ഉദ്യോഗസ്ഥൻമാർ നേരിൽ ഹാജരായി സമർപ്പിച്ച മൊഴികളും, ഒരു ജീവനക്കാരന്റെ സീനിയോറിറ്റി കണക്കാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളും വിശദമായി പരിശോധിച്ചതിൽ നിന്ന് ശ്രീ. ജെ. മധുസൂദനൻ

നായർ, ഡെപ്യൂട്ടി റെയിഞ്ചറുടെ സീനിയോറിറ്റി, അച്ചടക്ക നടപടിയുടെ ഭാഗമായി കുറവ് ചെയ്തുകൊണ്ടുള്ള ഉത്തരവുകൾ ഒന്നും നിലവിലില്ലായെന്ന് ബോധ്യമായിരുന്നു. ശ്രീ.ജെ. മധുസൂദനൻ നായർ ഫോറസ്റ്റർ തസ്തികയിൽ നിന്നും ഡെപ്യൂട്ടി റെയിഞ്ചറായി പ്രൊമോഷൻ ലഭിക്കുന്നതിനാവശ്യമായ യോഗ്യത, ഒഴിവുകൾ ഉണ്ടായ സമയത്ത് തന്നെ നേടിയിരുന്നു. ടിയാന്റെ പേരിൽ ക്രിമിനൽ കേസ്സ് നിലവിലിരുന്ന സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയുടെ സൂചന (1) പ്രകാരമുള്ള വിധിന്യായ പ്രകാരമാണ് ഡെപ്യൂട്ടി റെയിഞ്ചറായി പ്രൊമോഷൻ നൽകിയത്.

ടി സാഹചര്യത്തിൽ സൂചന (2) -ൽ പരാമർശിച്ചതിൻപ്രകാരം 28.03.2011 ലെ ഡെപ്യൂട്ടി റെയിഞ്ചർമാരുടെ താൽക്കാലിക സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 79 ആയ ശ്രീ.ജെ. മധുസൂദനൻ നായർക്ക് ക്രമനമ്പർ 34 ആയ ശ്രീ. കെ.കെ. സാബുവിനും, ക്രമനമ്പർ 35 ആയ ശ്രീ.പി. വേണുഗോപാലനും മദ്ധ്യേ സ്ഥാനം ലഭിക്കുവാൻ അർഹതയുണ്ട്. ആയതിനാൽ ശ്രീ.ജെ. മധുസൂദനൻ നായർക്ക് 28.03.2011 ലെ ഡെപ്യൂട്ടി റെയിഞ്ചർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 34 നും ക്രമനമ്പർ 35 നും മദ്ധ്യേയായി 34 (എ) ആയി സ്ഥാനം പുതുക്കി നിർണ്ണയിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം)

<u>രജി. എ/ഡി</u>
ശ്രീ.ജെ. മധുസൂദനൻ നായർക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ) മുഖേന നൽകുന്നു.

<u>പകർപ്പ് :</u>

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ /ഈസ്റ്റേൺ സർക്കിൾ/ ഹൈറേഞ്ച് സർക്കിൾ / സതേൺ സർക്കിൾ)
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ
3. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, (എഫ്.എം.ഐ.എസ്)ക്ക് വനംവകുപ്പിന്റെ വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
4. ഫയൽ / സ്റ്റോക്ക് ഫയൽ 2012.